(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പോലീസ് സേനാംഗങ്ങളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിന് നടപടി

5 (*635) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനാംഗങ്ങളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ സുരക്ഷയ്ക്കുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പോലീസുകാരുടെ കായികക്ഷമത പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(സി) പോലീസുകാർക്ക് വാർഷിക വൈദ്യപരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് വിശ്രമ മുറികൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പോലീസുകാർക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്ന എത്ര ആശുപത്രികളുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) പോലീസ് സേനാംഗങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി വർഷാവർഷം പോലീസ് അത്‌ലറ്റിക്സ്/ഗെയിംസ് മീറ്റുകൾ നടത്തുകയും, പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ, ഇതിലേക്ക് വിവിധ ജില്ലകളിലും, ബറ്റാലിയനുകളിലും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ജിംനേഷ്യങ്ങൾ സ്ഥാപിക്കുകയും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നവീന ഉപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തുവരുന്നു. പോലീസുദ്യോഗസ്ഥരുടെ ജോലിയുടെ ഭാഗമായി സംഭവിക്കുന്ന അത്യാഹിതങ്ങൾ/അപകടങ്ങൾ എന്നിവയെ തുടർന്നുള്ള ചികിത്സയ്ക്കും മറ്റുമായിട്ട് 'ഡ്യൂട്ടി ഹസാർഡ് വിക്ടിംസ് റിലീഫ് ഫണ്ട്' എന്ന പേരിൽ ഒരു സഹായനിധി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പോലീസ് സ്പോർട്സ് ടീമുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പോലീസുദ്യോഗസ്ഥർ തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽ രാപകൽ ഭേദമന്യേ ജോലി ചെയ്യുന്നവരാണ്. ഈ പ്രതികൂല സാഹചര്യങ്ങൾ അവരുടെ ആരോഗ്യത്തെ വലിയ ഒരു അളവുവരെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പോലീസുദ്യോഗസ്ഥർക്ക് വാർഷിക വൈദ്യ പരിശോധന നടത്തുന്നതിനും അതിനുവേണ്ടി വരുന്ന ഫണ്ട് അനുവദിക്കുന്നതും സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരവും, വിവിധ വർഷങ്ങളിലെ പോലീസ് ആധുനികവൽക്കരണ പദ്ധതി പ്രകാരവും, അനുവദിച്ച വിശ്രമമുറികൾ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് നിർമ്മിച്ചുവരുന്നു.

(ഇ) പോലീസുകാർക്ക് വേണ്ടി പ്രവർത്തിക്കുന്ന 11 പോലീസ് ആശുപത്രികളും, 3 പോലീസ് ഡിസ്പെൻസറികളും സംസ്ഥാനത്ത് നിലവിലുണ്ട്.

തീവ്രവാദ പ്രവർത്തനങ്ങൾ അന്വേഷിക്കുന്നതിന് പുതിയ തീവ്രവാദവിരുദ്ധ സ്കാഡ്

6 (*636) ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ ശക്തമാകുന്ന സാഹചര്യത്തിൽ, ഇതേക്കുറിച്ച് കാര്യക്ഷമമായി അന്വേഷിക്കുന്നതിന് പുതിയ ഒരു തീവ്രവാദ വിരുദ്ധ സ്കാഡ് രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇതിനായി ആഭ്യന്തരവകുപ്പ് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി എന്തൊക്കെ പ്രൊപ്പോസലുകളാണ് നൽകിയിട്ടുള്ളത് ;

(സി) സംസ്ഥാനത്തെ തീവ്രവാദ കേസ്സുകളുടെ അന്വേഷണത്തിനായി നിയോഗിച്ചിരുന്ന ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം (ജി.ഐ.ടി.) ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഈ ടീമിന്റെ പ്രവർത്തനം നിറുത്തലാക്കിയതിനുള്ള കാരണമെന്ത് ;

(ഡി) പുതുതായി രൂപീകരിക്കുന്ന തീവ്രവാദ വിരുദ്ധ സ്കാഡിന്റെ ഘടനയും പ്രവർത്തന രീതികളും എന്തായിരിക്കും ;

(ഇ) പ്രസ്തുത സേനയ്ക്കാവശ്യമായ ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും എങ്ങനെ നിയമിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(എഫ്) പ്രസ്തുത സേന രൂപീകരണത്തിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ എന്തൊക്കെ സഹായ സഹകരണങ്ങളാണ് ലഭ്യമാക്കുക എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly